Draft #1 of File 21360/AD B5-3/2020/AD B 5 Approved by ESTATE OFFICER ADMINISTRATION on 10-Jun-2020 04:05 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

ഭരണവിഭാഗം-കോവിഡ്-19 മഹാമാരിയോടനുബന്ധിച്ചുള്ള ലോക്ക്ഡൗൺ ഇളവുകളുടെ പശ്ചാത്തലത്തിൽ സർവ്വകലാശാലാ ജീവനക്കാർ ജോലിക്ക് ഹാജരാകുന്നതിന് സർവ്വകലാശാലാ ബസ് സർവ്വീസ് നടത്തുന്നതിന് മാർഗനിർദ്ദേശങ്ങൾ നൽകുന്നതു സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം ബി 5 സെക്ഷൻ**

നമ്പർ. 2467/AD B 5/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.06.2020

---

*പരാമർശം:*-1.07.05.2020ലെ 112/2020 പൊ.ഭവ പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്

2.സർവ്വകലാശാലയിലെ അനദ്ധ്യാപകവിഭാഗം ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി 08.06.2020ന് രജിസ്ട്രാറുടെ ചേമ്പറിൽ കൂടിയ യോഗത്തിൻറെ മിനിറ്റ്സ്.

<u>ഉത്തരവ്</u>

മേൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഹോട്ട്സ്പോട്ട്/കണ്ടെയ്മെൻറ് സോൺ എന്നിവ ഒഴികെയുള്ള പ്രദേശങ്ങളിലെ എല്ലാ സർക്കാർ ഓഫീസുകളും, പൊതുമേഖലാ സ്ഥാപനങ്ങളും,അർദ്ധസർക്കാർ സ്ഥാപനങ്ങളും സഹകരണസ്ഥാപനങ്ങളും പൂർണമായും തുറന്ന് പ്രവർത്തിക്കണമെന്നും മുഴുവൻ ജീവനക്കാരും ഹാജരാകണമെന്നും ഉത്തരവായിരുന്നു.

സർവ്വകലാശാലയിലെ എല്ലാ ജീവനക്കാരും ജോലിക്ക് ഹാജരാകുന്നതു സംബന്ധിച്ച് മേൽ സൂചന (2) പ്രകാരം നടത്തിയ ചർച്ചയിൽ താഴെപറയുന്ന കാര്യങ്ങൾ 08.06.2020 മുതൽ നടപ്പിലാക്കുന്നതിന് ബഹു.വൈസ്ചാൻസിലർ ഉത്തരവായിരിക്കുന്നു.

1.കെ.എസ്.ആർ.റ്റി.സി ബസുകൾ ഉൾപ്പെടെ പൊതു ഗതാഗതം പൂർണമായി നടപ്പിലാക്കാത്തത് കണക്കിലെടുത്ത് ഈ ആഴ്ചകൂടി സർവ്വകലാശാലാ ബസുകൾ നിലവിൽ നടത്തിവരുന്ന സർവ്വീസുകൾ തുടർന്നും നടത്തുക.

2.സർവ്വകലാശാലാ ബസുകളിൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിനു പകരം ഈ കാലയളവിൽ പൊതു ഗതാഗതത്തിൻറെ നിരക്കിനു തുല്ല്യമായ തുക ഈടാക്കുക

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വെങ്കിടേശ്വരൻ ആർ

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ

2.വൈസ്ചാൻസിലർ/പ്രോവൈസ്ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ പരീക്ഷാ കട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പിഎ മാർ

4.എ ആർ/ഡിആർ/ജെആർ (ഭരണ/പരീക്ഷ/ധനകാര്യവിഭാഗം)

5.ജോയിൻറ് ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം

6.പിആർഒ/റെക്കോർഡ്/കണ്ടൻറ് മാനേജ്മെൻറ് സെക്ഷനുകൾ

7.സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 21360/AD B5-3/2020/AD B 5 Approved by ESTATE OFFICER ADMINISTRATION on 10-Jun-2020 04:05 PM - Page 2